ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകരിച്ച പദ്ധതികൾക്ക് 5-11-2003-ൽ 150.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ 50 ശതമാനം പണി ഇതിനകം തീർത്തിട്ടുണ്ട്.

മാവൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി

40 [203] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ (കോഴിക്കോട് ജില്ല) 13-ാം വാർഡിലെ പാടത്തുംകണ്ടി കോളനി കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഗുണഭോക്താക്കൾക്ക് തുറന്നു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര ടാപ്പ് അനുവദിച്ചിട്ടുണ്ട്; എത്ര പേർക്ക് ഇതിന്റെ ഗുണഫലം ലഭിക്കുന്നുണ്ട് എന്നു വ്യക്തമാക്കാമോ;

(ഡി) കൂടുതലായി 15 ടാപ്പുകൾ കൂടി അനുവദിക്കണമെന്ന് ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ആവശ്യം പരിഗണിച്ച് കൈക്കൊണ്ട നടപടി വിശദമാക്കാമോ;

(എഫ്) പുതിയ ടാപ്പുകൾ അനുവദിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് അനുവദിക്കും എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 2003 സെപ്റ്റംബർ മാസം മുതൽ.

(സി) 22 ടാപ്പുകൾ അനുവദിച്ചിട്ടുണ്ട്. ഏകദേശം 250 പേർക്ക് ഇതിന്റെ ഗുണഫലം ലഭിക്കുന്നുണ്ട്.

(ഡി—എഫ്) കൂടുതലായി പൊതു ടാപ്പുകൾ അനുവദിക്കണമെന്ന് രേഖാമൂലം ഈ വകുപ്പിനോട് ആരുംതന്നെ ആവശ്യപ്പെട്ടിട്ടില്ല.

തൃത്താല വെള്ളിയാങ്കല്ല് പദ്ധതിയുടെ നിർമ്മാണം

41 [204] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല വെള്ളിയാങ്കല്ല് പദ്ധതിക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1998 മുതൽ 2004 മാർച്ച് വരെ എന്തു തുക ചെലവാക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്;

(സി) പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടാൻ കാരണമെന്താണ്;

(ഡി) ഇപ്പോൾ വെള്ളിയാങ്കല്ല് പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായിട്ടുണ്ട്;

(ഇ) ഇനി ഏതെല്ലാം പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ ബാക്കിയുണ്ട്;

(എഫ്) ഈ സാമ്പത്തിക വർഷം എത്ര രൂപയാണ് നീക്കിവച്ചിരിക്കുന്നത്?

ഉത്തരം

(എ) തൃത്താല വെള്ളിയാങ്കല്ല് പദ്ധതിക്ക് 2004 മെയ് 31 വരെ 2111.18 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 26.60 കോടി രൂപ ചെലവാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) +15 മീറ്റർ എഫ്.ആർ.എൽ.-ൽ 13.50 ദശലക്ഷം ക്യൂബിക് മീറ്റർ വെള്ളം സംഭരിക്കുന്നതിനായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പദ്ധതിയെ സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം നടത്തിയ 'സെസ്സ്' എഫ്.ആർ.എൽ. +15 മീറ്ററിൽ നിലനിർത്തുന്നത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ടിന് ഇടയാക്കുമെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. റഗുലേറ്ററിന്റെ എഫ്.ആർ.എൽ. പുനർ നിർണ്ണയം ചെയ്യുന്നതിന് ആവശ്യമായ കോണ്ടൂർ സർവേ നടത്തിയതും അതനുസരിച്ച് എഫ്.ആർ.എൽ. പുനർനിർണ്ണയിച്ച് ഫ്ളഡ് ബാങ്ക് ഡിസൈൻ തയ്യാറാക്കിയതു മൂലം പദ്ധതി പൂർത്തീകരണത്തിൽ അപ്രതീക്ഷിതമായ കാലതാമസം നേരിട്ടു. പദ്ധതി ഭാരതപ്പുഴയിലായതുകൊണ്ട് വർക്കിംഗ് സീസൺ വളരെ പരിമിതമാണെന്നതും കാലതാമസത്തിന് കാരണമായിട്ടുണ്ട്.

(ഡി) വെള്ളിയാങ്കല്ല് പദ്ധതിയുടെ പാലത്തിന്റെ പണി 89 ശതമാനം പൂർത്തിയായിട്ടുണ്ട്. മെക്കാനിക്കൽ ഷട്ടറിന്റെ പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ഇ) ആവശ്യമുള്ള സ്ഥലങ്ങളിൽ ഫ്ളഡ് ബാങ്ക് പണിയുന്നതിനുള്ള പ്രവൃത്തികൾ ഇനിയും ചെയ്യേണ്ടതുണ്ട്. എഫ്.ആർ.എൽ. +15 മീറ്ററായി നേരത്തേ നിശ്ചയിച്ചതനുസരിച്ച് ഫ്ളഡ് ബാങ്ക് പട്ടാമ്പി പാലം വരെ വേണമായിരുന്നു. എഫ്.ആർ.എൽ. +13 മീറ്ററായി പുതുക്കി നിശ്ചയിച്ച പ്രകാരം ഫ്ളഡ് ബാങ്ക് എവിടെയെല്ലാം എന്തു മാത്രം വേണമെന്ന് തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ.

(എഫ്) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ടിൽ (ആർ.ഐ.ഡി.എഫ്.) നിന്ന് സഹായമുള്ള പദ്ധതികൾക്കായി 2004-2005-ലെ ബഡ്ജറ്റിൽ മൊത്തം വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ തൃത്താല റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിക്കുള്ള വിഹിതവും ഉൾപ്പെടും. ഈ പദ്ധതിക്ക് അതിൽ നിന്നുള്ള വിഹിതം എത്രയെന്ന് അന്തിമമായി തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly